"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകപ്പ് - ആരോഗ്യ വകപ്പ് - ജീവനക്കാര്യം -ഡോ. ഗിരീഷ്.ജി.എസ്, കൺസൽട്ടന്റ് (ജനറൽ മെഡിസിൻ) - ജോലിക്രമീകരണ വ്യവസ്ഥയിൽ നൽകിയ നിയമനം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1480/2025/H&FWD തീയതി,തിരുവനന്തപുരം, 30-05-2025

---

പരാമർശം:- 1. 06.03.2025 ലെ സ.ഉ (സാധാ) നമ്പർ.674/2025/H&FWD

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 09.05.2025 -ലെ ഇ.ബി1-2880/2025/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലാ ആശുപത്രിയിലെ കാർഡിയോളജി യോഗ്യതയുള്ള ജനറൽ മെഡിസിൻ വിഭാഗം കൺസൽട്ടന്റ് ഡോ ഗിരീഷ് ജി എസ് -നെ പരാമർശം (1) പ്രകാരം പുനലൂർ താലൂക്ക് ആശുപത്രിയിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിരുന്നു. എന്നാൽ കൊല്ലം ജില്ലാ ആശുപത്രിയിലെ കാർഡിയോളജി വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ഡോ ഗിരീഷ് ജി എസ്-ന്റെ സേവനം കൂടി കൊല്ലം ജില്ലാ ആശുപത്രിയിലെ കാർഡിയോളജി വിഭാഗത്തിൽ ലഭ്യമാക്കേണ്ടതുണ്ടെന്നും ആയതിനാൽ ടിയാന് പരാമർശം (1) പ്രകാരം പുനലൂർ താലൂക്ക് ആശുപത്രിയിൽ നൽകിയ ജോലി ക്രമീകരണ വ്യവസ്ഥയിലെ നിയമനം ആഴ്ചയിൽ മൂന്ന് ദിവസമായി പരിമിതപ്പെടുത്തണമെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലാ ആശുപത്രിയിലെ കാർഡിയോളജി വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ഡോ ഗിരീഷ് ജി എസ് -ന്റെ സേവനം ടി ആശുപത്രിയിൽ ആവശ്യമായ സാഹചര്യത്തിൽ , ഡോ ഗിരീഷ് ജി എസ് -ന് പരാമർശം (1) പ്രകാരം പുനലൂർ താലൂക്ക് ആശുപത്രിയിൽ നൽകിയിരുന്ന ജോലി ക്രമീകരണ വ്യവസ്ഥയിലെ നിയമനം ആഴ്ചയിൽ മൂന്ന് ദിവസമായി പരിമിതപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീന ഷംസുദ്ദീൻ

ഡെപ്യൂട്ടി സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), കൊല്ലം

ഡോ. ഗിരീഷ്.ജി.എസ്, കൺസൾട്ടന്റ് ( ജനറൽ മെഡിസിൻ) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ ( ഫയൽ നമ്പർ. A1/208/2024-Health)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Anupama C Nair
Date: 30-05-2025 16:02:53

**<u>മേലെഴുത്തു നം. ഇ.ബി1-2880/2025/ആ.വ.ഡ തീയതി 02-06-2025</u>**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 02-06-2025 10:35:28

ആരോഗ്യ വകുപ്പ് ഡയറക്ടർ